# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 742 — 08.01.2014 ൽ മറുപടിക്ക്

### കുന്നംകുളം സർക്കാർ താലൂക്ക് ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്റർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു. എം. പാലിശ്ശേരി | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കുന്നംകുളം സർക്കാർ താലൂക്ക് ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്റർ എന്നാണ് അടച്ചുപൂട്ടിയത് ; ഓപ്പറേഷൻ തിയേറ്റർ അടച്ചുപൂട്ടാനുള്ള കാരണം വ്യക്തമാക്കാമോ; | (എ) 17.05.2013 രാത്രി മുതൽക്കാണ് കുന്നംകുളം താലൂക്ക് ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്റർ അടച്ചുപൂട്ടിയത്. 17.05.2013 ന് വൈകുന്നേരം 6.30 ന് ഷോർട്ട് സർക്യൂട്ട് മൂലം എയർകണ്ടീഷണർ കത്തുകയും വൈദ്യുതി ബന്ധം വിഛേദിക്കപ്പെടുകയും ചെയ്തതിനാലാണ് അടച്ചുപൂട്ടിയത്. ഓപ്പറേഷൻ തിയേറ്റർ പ്രവർത്തനക്ഷമമാക്കിയെങ്കിലും 22.07.2013 നും 12.08.2013 നും നടന്ന കണ്ണിന്റെ ഓപ്പറേഷനിൽ അണുബാധയുണ്ടായി കാഴ്ച നഷ്ടപ്പെട്ട സംഭവത്തെ തുടർന്ന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശ പ്രകാരം 28.08.2013 മുതൽക്ക് പുതിയ ഓപ്പറേഷൻ തിയേറ്ററും അടച്ചിട്ടിരിക്കുകയാണ്. |
| (ബി) ധാരാളം രോഗികൾ ചികിൽസ തേടിയെത്തുന്ന കുന്നംകുളം സർക്കാർ താലൂക്ക് ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്റർ തുറന്നു പ്രവർത്തിപ്പിക്കാൻ കുന്നംകുളം നഗര സഭയോ ആരോഗ്യ വകുപ്പോ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (സി) കുന്നംകുളം താലൂക്ക് ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്റർ നവീകരണത്തിനാവശ്യമായ റീവയറിംഗിനു വേണ്ടി പൊതുമരാമത്ത് നിശ്ചയിച്ച 8,35,000 രൂപയും പുതിയ ഓപ്പറേഷൻ തീയേറ്ററിലേക്ക് ജനറേറ്റർ വയറിംഗിനായി 2,50,000 രൂപയും ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ റീവയറിംഗിന് 13,77,000 രൂപയും ദേശീയ ഗ്രാമീണ ആരോഗ്യ മിഷനിൽ നിന്നും അനുവദിക്കണമെന്ന ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ആവശ്യം ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ